LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ തീരദേശ മേഖലയിൽ ഉണ്ടായ നാശനഷ്ടം

110 [2177] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 2004-ൽ ഉണ്ടായ പ്രകൃതി ക്ഷോഭത്തിലും, 2005 ജനുവരിയിലുണ്ടായ സുനാമി ദുരന്തത്തിലും തീരദേശ മേഖലയിൽ ഉണ്ടായ നാശ നഷ്ടം എത്ര രൂപയുടേതാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ എത്ര രൂപയുടെ ധനസഹായമാണ് പ്രഖ്യാപി ച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എന്തു തുക വീതം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി ആന്റ് സി) പൂർണ്ണമായ വിവരം ശേഖരിച്ച് മറുപടി നൽകു ന്നതാണ്.

സുനാമി ബാധിത പ്രദേശങ്ങൾ

111 [2178] ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഡി. സുഗതൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വില്ലേജുകളെ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപി ച്ചിട്ടുണ്ട്,

(ബി) സംസ്ഥാനത്ത് സുനാമി ഭൂകമ്പത്താൽ നാശം സംഭവിച്ച വില്ലേജു കളെ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 219 വില്ലേജുകളെ സുനാമി ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ദുരിതബാധിതർക്കായി സർക്കാർ തലങ്ങളിലും മറ്റ് തലങ്ങളിലും അനുവദിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച പ്രത്യേക ഓഫറുകൾ

112 [2179] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഉണ്ടായിക്കഴിഞ്ഞ് നാളിതുവരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) ഏതൊക്കെ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് ഉദ്ദേശം 20 കോടി രൂപ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർമാർ ഫിഷറീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്നും ചെലവിനെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

സുനാമി ദുരന്തത്തിൽ അംഗൻവാടികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

113 [2180] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആകെ എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly